**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5245** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-സ്റ്റാമ്പിങ് സംവിധാനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. സി. ആർ. മഹേഷ്</td><td colspan="2">ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>രജിസ്ട്രേഷൻ നടപടികൾക്ക് സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് സംവിധാനം എപ്പോൾ നടപ്പാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായി വരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായി വരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ- സ്റ്റാമ്പിംഗ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നു വരുന്നു. പരീക്ഷണ പരിപാടികൾ വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടപടികൾക്കുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>വെണ്ടർമാർക്ക് ഇ-സ്റ്റാമ്പിങ്ങിന് പ്രിന്റിംഗ് ചാർജ് നിശ്ചയിച്ച് സ്ലാബ് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ നിലവിൽ ശിപാർശ ചെയ്ത സ്ലാബിന്റെ വിശദാംശം വ്യക്തമാക്കുമോ; ഈ നിർദേശം വെണ്ടർമാരുടെ സംഘടനകൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?</td><td>(ബി)</td><td>സ്റ്റാമ്പ് വെണ്ടർമാർക്ക് ഇ-സ്റ്റാമ്പിംഗിന് പ്രിന്റിംഗ് ചർജ്ജായി ഈടാക്കാവുന്ന നിരക്ക് GO(P) No. 37/2024/TAXES (S.R.O No.301/2024) പ്രകാരം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><table><tr><th>ഇ-സ്റ്റാമ്പ് മൂല്യം</th><th>പ്രിന്റിംഗ് ചാർജ് (ഓരോ പ്രിന്റിനും)</th></tr><tr><td>500 രൂപ വരെ</td><td>ഇല്ല</td></tr><tr><td>501 മുതൽ 1000 രൂപ വരെ</td><td>6 രൂപ</td></tr><tr><td>1001 രൂപക്കും അതിനു മുകളിലും</td><td>10 രൂപ</td></tr></table><br>പ്രിന്റിംഗ് ചാർജ്ജ് ഇനത്തിലെ സ്ലാബുകൾ പൂർണ്ണമായും മാറ്റി ഒറ്റ പ്രിന്റിന് 10/- രൂപയായി നിശ്ചയിക്കുന്നതിന് വെണ്ടർമാരുടെ സംഘടനകൾ നിവേദനം നല്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ